2026
NOVEMBER
19
THURSDAY

www.societytodaynews.com

സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വികസ്വര രാജ്യങ്ങളുടെ വിദേശകടം 9.4 ട്രില്യൺ ഡോളറിലെത്തി

ന്യൂയോർക്ക്: ലോകത്തെ താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങൾ കടുത്ത കടബാധ്യതയിലേക്ക് നീങ്ങുന്നതായി ലോകബാങ്കിന്റെ മുന്നറിയിപ്പ്. 2025ൽ ഈ രാജ്യങ്ങളുടെ വിദേശ കടം റെക്കോർഡ് 9.4 ട്രില്യൺ ഡോളറിലെത്തി.

കടമെടുക്കുന്ന തുക വർധിക്കുന്നതിനൊപ്പം തിരിച്ചടവിനും പലിശയ്ക്കുമായി ചെലവഴിക്കേണ്ട തുകയും ഉയരുകയാണ്. ഏറ്റവും ദരിദ്രമായ രാജ്യങ്ങൾക്കുപോലും കഴിഞ്ഞ നാല് പതിറ്റാണ്ടിനിടയിലെ ഏറ്റവും ഉയർന്ന പലിശനിരക്കിലാണ് വായ്പ ലഭിക്കുന്നതെന്നതാണ് ആശങ്ക വർധിപ്പിക്കുന്നത്.

ലോകബാങ്കിന്റെ ഇന്റർനാഷണൽ ഡെബ്റ്റ് റിപ്പോർട്ട് 2026 പ്രകാരം, താഴ്ന്ന, ഇടത്തരം വരുമാനമുള്ള രാജ്യങ്ങളുടെ വിദേശകടം 2024ലെ 8.9 ട്രില്യൺ ഡോളറിൽനിന്ന് 2025ൽ 9.4 ട്രില്യൺ ഡോളറായി ഉയർന്നു. 5.5 ശതമാനത്തിന്റെ വർധനയാണ് രേഖപ്പെടുത്തിയത്. 2021ന് ശേഷമുള്ള ഏറ്റവും വലിയ വാർഷിക വർധനയാണിത്.

പുതിയ വായ്പകളുടെ വർധന, സ്വകാര്യ വായ്പാദാതാക്കളുടെ തിരിച്ചുവരവ്, യുഎസ് ഡോളറിന്റെ മൂല്യത്തിലുണ്ടായ ഇടിവ് എന്നിവയാണ് വിദേശകടം ഉയരാൻ പ്രധാന കാരണങ്ങളായത്. ഡോളറിന്റെ മൂല്യം കുറഞ്ഞതോടെ മറ്റു കറൻസികളിലുള്ള കടങ്ങളുടെ ഡോളർ മൂല്യത്തിലും വർധനയുണ്ടായി.

കടം വർധിക്കുന്നതിനൊപ്പം തിരിച്ചടവിന്റെ സമ്മർദവും ശക്തമാകുകയാണ്. 2025ൽ ഈ രാജ്യങ്ങൾ മുതലും പലിശയും ഉൾപ്പെടെ തിരിച്ചടവിനായി ചെലവഴിച്ചത് 1.4 ട്രില്യൺ ഡോളറാണ്. 2024നെ അപേക്ഷിച്ച് 1.9 ശതമാനം വർധന.

തുടർച്ചയായ അഞ്ചാം വർഷമാണ് കടം തിരിച്ചടയ്ക്കാനുള്ള ചെലവ് ഉയരുന്നത്. 2022 മുതൽ 2025 വരെയുള്ള കാലയളവിൽ പുതിയ വായ്പകളിലൂടെ ലഭിച്ചതിനേക്കാൾ 436.1 ബില്യൺ ഡോളർ അധികമാണ് ഈ രാജ്യങ്ങൾ കടം തിരിച്ചടയ്ക്കുന്നതിനായി ചെലവഴിച്ചത്.



അതായത്, പുതിയ ധനസഹായമായി ലഭിക്കുന്ന തുകയുടെ വലിയൊരു ഭാഗം വികസന പ്രവർത്തനങ്ങൾക്കു പകരം പഴയ കടങ്ങൾ തിരിച്ചടയ്ക്കാനാണ് ഉപയോഗിക്കേണ്ടിവരുന്നത്. ബോണ്ട് ഉടമകൾക്ക് നൽകുന്ന തിരിച്ചടവും വർധിച്ചു. 2025ൽ ബോണ്ട് ഉടമകൾക്കുള്ള പേയ്മെന്റുകൾ 13.7 ശതമാനം ഉയർന്ന് 363.1 ബില്യൺ ഡോളറിലെത്തി.

ഏറ്റവും ആശങ്കാജനകമായ സാഹചര്യം വായ്പയുടെ പലിശനിരക്കിലാണ്. ഇന്റർനാഷണൽ ഡെവലപ്മെന്റ് അസോസിയേഷൻ വഴി ധനസഹായം ലഭിക്കുന്ന രാജ്യങ്ങൾ 2025ൽ പുതിയ വായ്പകൾക്ക് ശരാശരി 8.2 ശതമാനം പലിശ നൽകേണ്ടിവന്നു.

1980കളുടെ അവസാനത്തിനു ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. ബോണ്ട് വിപണികളിൽനിന്ന് വായ്പയെടുക്കുമ്പോൾ ശരാശരി പലിശ 9.4 ശതമാനമായി ഉയർന്നു. അതേസമയം, ഇന്റർനാഷണൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡെവലപ്മെന്റിൽനിന്ന് വായ്പയെടുക്കുന്നവർക്ക് ശരാശരി 5.5 ശതമാനമാണ് പലിശ.

2024ൽ ഇത് 5.8 ശതമാനമായിരുന്നു. അതായത്, സാമ്പത്തികമായി ഏറ്റവും പിന്നാക്കം നിൽക്കുന്ന രാജ്യങ്ങൾക്കാണ് കൂടുതൽ പലിശഭാരം നേരിടേണ്ടിവരുന്നത്. 'വായ്പയെടുക്കാൻ ഏറ്റവും കുറഞ്ഞ ശേഷിയുള്ള രാജ്യങ്ങളാണ് ഏറ്റവും കൂടുതൽ പലിശ നൽകുന്നത്' എന്നാണ് ലോകബാങ്കിന്റെ നിരീക്ഷണം.

വികസ്വര രാജ്യങ്ങളിലേക്കുള്ള സ്വകാര്യ വായ്പാദാതാക്കളുടെ തിരിച്ചുവരവും റിപ്പോർട്ടിൽ എടുത്തുപറയുന്നുണ്ട്. സ്വകാര്യ വായ്പാദാതാക്കളോടുള്ള ഈ രാജ്യങ്ങളുടെ കടം 5.2 ശതമാനം ഉയർന്ന് 5 ട്രില്യൺ ഡോളറായി.

2025ൽ പൊതുമേഖലാ ബോണ്ട് ഇഷ്യൂവൻസുകൾ 34.6 ശതമാനം വർധിച്ച് 250.6 ബില്യൺ ഡോളറിലെത്തി. 2021ന് ശേഷമുള്ള ഏറ്റവും ഉയർന്ന നിരക്കാണിത്. 2026ലും കടമെടുക്കൽ കുറയുന്നതിന്റെ സൂചനകളില്ല. ജനുവരി മുതൽ ഓഗസ്റ്റ് വരെയുള്ള പ്രാഥമിക കണക്കുകൾ പ്രകാരം ബോണ്ട് വിപണിയിലെ ഇടപാടുകൾ ശക്തമായി തുടരുകയാണ്.



ചരിത്രം രചിച്ച് യുപിഐ ഇടപാടുകൾ; ആദ്യമായി 30 ലക്ഷം കോടിയിലേക്ക്

ന്യൂദൽഹി: രാജ്യത്ത് യുപിഐ ഇടപാടുകളിൽ ചരിത്രപരമായ മുന്നേറ്റം. ഒക്ടോബറിൽ ഇതാദ്യമായി രാജ്യത്ത് യുപിഐ ഇടപാടുകൾ 30 ലക്ഷം കോടി കടന്നു. നവംബറിൽ ഇനിയും ഇടപാടുകളുടെ എണ്ണം വർധിക്കുമെന്നാണ് റിപ്പോർട്ടുകൾ. എൻപിസിഐയുടെ കണക്കുകൾ പ്രകാരം ഒക്ടോബറിൽ മാത്രം 31.53 ലക്ഷം കോടി ഇടപാടുകളാണ് നടന്നത്.

നവംബർ ഏഴിന് മാത്രം 1,36,118 കോടി രൂപയുടെ ഇടപാടാണ് നടന്നത്. നവംബറിലെ ആദ്യ നാല് ദിവസങ്ങളിൽ മാത്രം യുപിഐ ഇടപാടുകളുടെ ശരാശരി മൂല്യം 1.29 ട്രില്യനാണ്. കല്യാണ സീസൺ കൂടിയായതിനാൽ ഇടപാടുകളുടെ മൂല്യം ഇനിയും വർധിക്കുമെന്നാണ് റിപ്പോർട്ടുകൾ.

സെപ്റ്റംബറിൽ നടന്ന 29.37 ലക്ഷം കോടി രൂപയുടേതിനേക്കാൾ 16% വർധനവാണ് ഒക്ടോബറിൽ ഉണ്ടായിരിക്കുന്നത്. ഇതേ കാലയളവിൽ 25.47 ബില്യൺ QR കോഡ് സ്കാനുകളും ഡിജിറ്റൽ പേയ്മെന്റുകളും നടന്നുവെന്നും എൻപിസിഐ പറയുന്നു.

ദീപാവലി, ഛത്ത് പൂജ തുടങ്ങിയ ആഘോഷങ്ങൾ ഉള്ള നവംബറിൽ ഇടപാടുകളുടെ എണ്ണം ഇനിയും കൂടുമെന്നാണ് പ്രതീക്ഷ.

ഒക്ടോബറിൽ ഒരു ദിവസത്തിൽ മാത്രം 1 ലക്ഷം കോടി രൂപയുടെ ഇടപാടുകൾ നടന്നുവെന്നാണ് കണക്കുകൾ. ഒരു ദിവസം 822 മില്യൺ ഇടപാടുകളാണ് നടന്നത്. ദിവസേന ശരാശരി 1 ട്രില്യൺ കടക്കുന്നത് ഇതാദ്യമായാണ്.

ദീപാവലിയും മറ്റ് ആഘോഷ ദിവസങ്ങളുമെല്ലാം വരുന്ന നവംബറിൽ കണക്ക് ഇനിയും ഉയരുമെന്നാണ് പ്രതീക്ഷ. ദീപാവലി ദിവസങ്ങളിൽ ഇതിനകം തന്നെ റെക്കോർഡ് ഇടപാടുകൾ രേഖപ്പെടുത്തിക്കഴിഞ്ഞു.

നവംബർ ഏഴിന് മാത്രം 1,36,118 കോടി രൂപയുടെ ഇടപാടാണ് നടന്നത്. നവംബറിലെ ആദ്യ നാല് ദിവസങ്ങളിൽ മാത്രം യുപിഐ ഇടപാടുകളുടെ ശരാശരി മൂല്യം 1.29 ട്രില്യനാണ്. കല്യാണ സീസൺ കൂടിയായതിനാൽ ഇടപാടുകളുടെ മൂല്യം ഇനിയും വർധിക്കുമെന്നാണ് റിപ്പോർട്ടുകൾ.

ICL
Join ICL, Grow with us
ICL Fincorp
ഗോൾഡ് ലോൺ @ 75* പൈസ
*As Per EMI Scheme Basis *T&C Apply
പ്രതിമാസ പലിശ നിരക്ക് 100 രൂപയ്ക്ക്
കുറഞ്ഞ പലിശ നിരക്ക്
ഉയർന്ന മൂല്യം | അതിവേഗം
TOLL-FREE : 1800 31 333 53

മാരുതി 800ന് അന്താരാഷ്ട്ര അംഗീകാരം

ന്യൂദൽഹി: ഇന്ത്യൻ വാഹനചരിത്രത്തിൽ നാഴികക്കല്ലായി മാരുതി 800ന് അന്താരാഷ്ട്ര അംഗീകാരം. ദേശീയവും അന്തർദേശീയവുമായ മോട്ടോറിങ് പൈതൃകത്തിന് നൽകിയ സംഭാവനകൾ പരിഗണിച്ച് നൽകുന്ന 'ഫിവ വേൾഡ് വെഹിക്കിൾ ഹെറിറ്റേജ് അവാർഡ്' ലഭിക്കുന്ന ആദ്യ ഇന്ത്യൻ കാറായി മാരുതി 800 മാറി.



അമേരിക്ക, ബ്രസീൽ, ജർമനി, ഫ്രാൻസ്, ഓസ്ട്രിയ, സ്ലൊവേനിയ തുടങ്ങിയ രാജ്യങ്ങളിൽനിന്നുള്ള ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യമുള്ള 21 വാഹനങ്ങളുടെ പട്ടികയിലാണ് മാരുതി 800 ഇടംപിടിച്ചത്.

വളരെ ചെറിയതോതിൽ ആരംഭിച്ച മാരുതി 800ന്റെ യാത്രയാണ് ഇന്ന് ഇന്ത്യയെ ലോകത്തിലെ മൂന്നാമത്തെ വലിയ കാർ വിപണിയാക്കിമാറ്റിയതെന്ന് മാരുതി സുസുക്കി ഇന്ത്യ ചെയർമാൻ ആർ.സി. ഭാർഗവ പറഞ്ഞു.

ഉയർന്നനിലവാരമുള്ള എൻജിനിയറിങ് ഉത്പന്നങ്ങൾ നിർമിക്കാൻ ഇന്ത്യക്ക് സാധിക്കുമോ എന്ന് പലരും സംശയിച്ചിരുന്ന കാലത്ത്, അതിനുള്ള മറുപടിയായിരുന്നു മാരുതി 800.

1983 ഡിസംബറിലാണ് ആദ്യത്തെ മാരുതി 800 പുറത്തിറങ്ങിയതെന്ന് സുസുക്കി മോട്ടോർ കോർപ്പറേഷൻ പ്രസിഡന്റ് തോഷിഹിരോ സുസുക്കി വ്യക്തമാക്കി.

1987ലാണ് ആദ്യമായി മാരുതി 800 യൂറോപ്പിലേക്ക് കയറ്റുമതി ചെയ്തത്.



ദേശീയ വെറ്ററൻ ചാമ്പ്യൻഷിപ്പിൽ നാല് സ്വർണമടക്കം അഞ്ച് മെഡലുകൾ നേടിയ ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലിയെ ആലുവ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ സ്നേഹാദരങ്ങളോടെ സ്വീകരിച്ചപ്പോൾ.

ദേശീയ വെറ്ററൻ ചാമ്പ്യൻഷിപ്പ് നേടിയ ജോസ് മാവേലിക്ക് സ്വീകരണം നൽകി

ആലുവ: കോയമ്പത്തൂരിൽ വച്ച് നടന്ന ദേശീയ വെറ്ററൻ ചാമ്പ്യൻഷിപ്പിൽ നാല് സ്വർണമടക്കം അഞ്ച് മെഡലുകൾ നേടി നാലാം തവണയും ദേശീയ ചാമ്പ്യൻപട്ടം നേടിയ ജനസേവ ശിശുഭവൻ സ്ഥാപകനും ചെയർമാനുമായ ജോസ് മാവേലിയെ ആലുവ ഗവൺമെന്റ് ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ സ്നേഹാദരങ്ങളോടെ സ്വീകരിച്ചു.

എഴുപത്തിയഞ്ചാം വയസ്സിലും യുവത്വം നിലനിർത്തി യുവതലമുറയ്ക്ക് മാതൃകയായി ദേശീയഅന്തർദേശീയ കായികവേദികളിൽ മികച്ച നേട്ടങ്ങൾ കൈവരിക്കുന്ന കായികതാരമെന്ന നിലയിലാണ് സ്കൂൾ അദ്ദേഹത്തിന് സ്നേഹാദരം നൽകിയത്.

കോയമ്പത്തൂർ നെഹ്റു സ്റ്റേഡിയത്തിൽ നടന്ന അഞ്ചാമത് ദേശീയ വെറ്ററൻ ചാമ്പ്യൻഷിപ്പിൽ 200, 400 മീറ്റർ വ്യക്തിഗത ഓട്ടങ്ങളിൽ സ്വർണവും 100 മീറ്ററിൽ വെള്ളിയും നേടി. പുരുഷ വിഭാഗം 4 x 100 മീറ്റർ റിലേയിലും 4 x 100 മീറ്റർ മിക്സഡ് റിലേയിലും സ്വർണം നേടി അഞ്ച് മെഡലുകളാണ് അദ്ദേഹം സ്വന്തമാക്കിയത്.

ഇതിനുമുമ്പ് മൂന്ന് തവണ ദേശീയ ചാമ്പ്യൻപട്ടം നേടിയിട്ടുള്ള ജോസ് മാവേലി, 2004ൽ തായ്ലൻഡിൽ നടന്ന ഏഷ്യൻ മീറ്റിൽ ഏഷ്യയിലെ ഏറ്റവും വേഗതയേറിയ വെറ്ററൻ ഓട്ടക്കാരൻ എന്ന നേട്ടവും കൈവരിച്ചിട്ടുണ്ട്. 2006ലെ ബംഗളൂരു ഏഷ്യൻ മീറ്റിൽ 100 മീറ്ററിൽ വെള്ളിയും 2010ലെ മലേഷ്യൻ ഏഷ്യൻ മീറ്റിൽ വെങ്കലവും നേടിയിട്ടുണ്ട്.

വരുംതലമുറയ്ക്ക് സാമൂഹിക സേവനത്തിന്റെയും കായികമികവിന്റെയും മേഖലകളിൽ ഒരുപോലെ മാതൃകയാണ് ജോസ് മാവേലിയെന്നും അദ്ദേഹത്തിന്റെ ജീവിതവും നേട്ടങ്ങളും വിദ്യാർഥികൾക്ക് വലിയ പ്രചോദനമാണെന്നും സ്കൂൾ പ്രിൻസിപ്പൽ ബിന്ദു അനിൽകുമാർ പറഞ്ഞു. തെരുവ് മക്കളില്ലാത്ത ഇന്ത്യ എന്ന മഹത്തായ സ്വപ്നത്തിന്റെ സാക്ഷാത്കാരത്തിനായി ജീവിതം സമർപ്പിച്ച ജോസ് മാവേലി 1997ൽ തന്റെ സാമൂഹ്യപ്രവർത്തനം ആരംഭിച്ചത് ഗവൺമെൻറ് ഗേൾസ് ഹൈസ്കൂളിൽ ആയിരുന്നു. നിർധനരായ ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുകയായിരുന്നു ആദ്യ ജനസേവ പദ്ധതി. അന്ന് യുപി സ്കൂളുകൾ വരെ മാത്രമേ സർക്കാർ ഉച്ചഭക്ഷണ പദ്ധതി നടപ്പിലാക്കിയിരുന്നു.



അഖിലകേരള അണ്ടർ 17 ചെസ്സ് ടൂർണമെന്റ് സമാപിച്ചു

കൊച്ചി: പോണേക്കര വെൽഫെയർ അസ്സോസിയേഷന്റെ ആഭിമുഖ്യത്തിൽ 17 വയസ്സിനു താഴെയുള്ള കുട്ടികൾക്കായി പോണേക്കര ഇടപ്പള്ളി രാഘവൻ പിള്ള പാർക്കിൽ നടത്തപ്പെട്ട സി.എൻ. പ്രഭാകരൻ സ്മാരക അഖിലകേരള ചെസ്സ് ടൂർണ്ണമെന്റ് 2026ൽ രജാത്ത് രഞ്ജിത്ത് (അണ്ടർ 17 ഓപ്പൺ), ശ്രേയ ശ്രീകുമാർ മേനോൻ (അണ്ടർ 17 പെൺകുട്ടികൾ), റ്യൂബൻ രഞ്ജിത് (അണ്ടർ 10 ഓപ്പൺ), ദക്ഷഗൗരി ആർ (അണ്ടർ 10 പെൺകുട്ടികൾ), അദ്വൈത് ടോം സുദീപ് (അണ്ടർ 7) എന്നിവർ കാഷ്പ്രൈസും ട്രോഫിയും നേടി ജേതാക്കളായി.

കേരളത്തിന്റെ വിവിധ ജില്ലകളിൽ നിന്നായി നൂറിലധികം പേർ പങ്കെടുത്ത ടൂർണ്ണമെന്റ് കൊച്ചി നഗരസഭാ കൗൺസിലർ അബ്ദുൽ ലത്തീഫ് ഉദ്ഘാടനം ചെയ്തു. അസ്സോസിയേഷൻ പ്രസിഡന്റ് ഡോ. ഗ്രിഗറി പോൾ അദ്ധ്യക്ഷത വഹിച്ചു. നഗരസഭാ കൗൺസിലർ നിമ്മി മറിയം, ചാർട്ടേഡ് അക്കൗണ്ടന്റ് ജോണി പള്ളിവാതുക്കൽ, ചങ്ങമ്പുഴ സാംസ്ക്കാരിക കേന്ദ്രം പ്രസിഡന്റ് പ്രകാശ്, ഇടപ്പള്ളി വടക്കും ഭാഗം സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ശ്രീകുമാർ, വന്ദന പ്രഭാകരൻ, പോണേക്കര സീനിയർ സിറ്റിസൺസ് ഫോറം പ്രസിഡന്റ് എൻ.സി. കുര്യൻ, മുൻ പ്രസിഡന്റ് സി.എസ്. ജി. നായർ, ചീഫ് ആർബിറ്റർ കെ. എ. യൂനസ്, പോണേക്കര വെൽഫെയർ അസോസിയേഷൻ സെക്രട്ടറി ടി. വി. ജോൺ, മുൻ സെക്രട്ടറി പി.എസ്.ഗോപാലകൃഷ്ണൻ, ഖജാൻജി ഒ.എ. ഖാദർ, ജോ. സെക്രട്ടറി പി. പങ്കജാക്ഷൻ, പ്രവർത്തകസമിതിയംഗങ്ങളായ ഷിബു എ. എസ്, ഡാനിയൽ നേരിയംകോട്ടിൽ തുടങ്ങിയവർ സമ്മാനങ്ങൾ വിതരണം ചെയ്തു പ്രസംഗിച്ചു.

ലീഡ് ഡെവലപ്പർ

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ കരാറടിസ്ഥാനത്തിൽ ലീഡ് ഡെവലപ്പർ ഫുൾ സ്റ്റാക്ക് തസ്തികയിൽ താൽക്കാലിക നിയമനം നടത്തുന്നു. വിശദ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കുക (www.mgu.ac.in) ഫോൺ 0481 2733541

അപേക്ഷ ക്ഷണിച്ചു

മഹാത്മാഗാന്ധി സർവ്വകലാശാലയിൽ താത്കാലിക അടിസ്ഥാനത്തിൽ ശുചീകരണ ജോലി ചെയ്യുന്നതിനായി താല്പര്യമുള്ളവരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. ദിവസം രണ്ട് മണിക്കൂർ ജോലിക്ക് 150 രൂപ ദിവസവേതന അടിസ്ഥാനത്തിൽ മൂന്ന് മാസത്തേക്കാണ് നിയമനം. വെള്ള പേപ്പറിൽ തയ്യാറാക്കിയ അപേക്ഷ, ആധാർ കാർഡ്, ബാങ്ക് പാസ്സ് ബുക്ക് എന്നിവയുടെ പകർപ്പ് സഹിതം അസിസ്റ്റന്റ് രജിസ്ട്രാർ ക (ഭരണ വിഭാഗം) മുൻപാകെ നവംബർ 30നകം ലഭ്യമാക്കണം

പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ഐഎംസിഎ (2024 അഡ്മിഷൻ റഗുലർ, 20202024 അഡ്മിഷനുകൾ സപ്ലിമെൻററി) ഒക്ടോബർ 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 26 മുതൽ ഡിസംബർ 1വരെ തീയതികളിലായി നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

ഒമ്പതാം സെമസ്റ്റർ എംഎസ്.സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്ആർട്ടിഫിഷ്യൽ ഇൻറലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്/ ഡാറ്റാ സയൻസ് (2022 അഡ്മിഷൻ റഗുലർ, 2020, 2021 അഡ്മിഷനുകൾ സപ്ലിമെൻററി) നവംബർ 2026 പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

എംഎസ്.സി മെഡിക്കൽ മൈക്രോബയോളജി (അവസാന സ്പെഷ്യൽ മെഴ്സി ചാൻസ്) ഒക്ടോബർ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ 30 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എംഎ, എംഎസ്.സി, എംകോം, എംഎസ്ഡബ്ലു, എംഎജെഎംസി, എംറ്റിറ്റിഎം, എംഎച്ച്എം, എംഎഫ്എ (പിജിസിഎസ്എസ്) (2026 അഡ്മിഷൻ റഗുലർ, 2025 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2021-2025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2019, 2020 അഡ്മിഷനുകൾ മെഴ്സി ചാൻസ്) ഒന്നാം സെമസ്റ്റർ എംഎൽഐഎസ്.സി 2026 അഡ്മിഷൻ റഗുലർ, 2025 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 20212025 അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2020 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്) ഡിസംബർ 2026 പരീക്ഷകൾക്ക് ഡിസംബർ 3 വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി ഡിസംബർ 5 വരെയും സൂപ്പർ ഫൈനോടുകൂടി ഡിസംബർ 7 വരെയും അപേക്ഷ സ്വീകരിക്കും.



സൊസൈറ്റി ടുഡേ SOCIETY TODAY

ഇമേജിങ് സഹായത്തോടെയുള്ള ആൻജിയോപ്ലാസ്റ്റി ചികിത്സ വ്യാപകമാക്കണം: ഹൃദ്രോഗ വിദഗ്ധർ

കോഴിക്കോട്: ഹൃദയധമനികളുടെ ഉൾഭാഗം സൂക്ഷ്മമായി പരിശോധിച്ച് കൂടുതൽ കൃത്യതയോടെ ആൻജിയോപ്ലാസ്റ്റി നടത്താൻ സഹായിക്കുന്ന നൂതന ഇമേജിങ് സാങ്കേതികവിദ്യകൾ വ്യാപകമാക്കണമെന്ന് ഹൃദ്രോഗ വിദഗ്ധർ. ഇതുവഴി ചികിത്സാഫലം ദീർഘകാലം നിലനിർത്താനും വീണ്ടും തടസ്സമുണ്ടാകാനുള്ള സാധ്യത കുറയ്ക്കാനും സാധിക്കും. കോഴിക്കോട് റാവിസ് കടവിൽ നടക്കുന്ന സൊസൈറ്റി ഫോർ കൊറോണറി ഇമേജിങ് ആൻഡ് ഫിസിയോളജിയുടെ (എസ്സിഐപി ഇന്ത്യ) 10-മത് ദേശീയ സമ്മേളനത്തിലാണ് നിർദേശം.

കാർഡിയോളജിക്കൽ സൊസൈറ്റി ഓഫ് ഇന്ത്യ പ്രസിഡന്റ് ഡോ. ധിമൻ കഹാലി ശനിയാഴ്ച സമ്മേളനം ഉദ്ഘാടനം ചെയ്തു. ഹൃദയധമനികളിലെ തടസ്സം നീക്കി രക്തയോട്ടം പുനഃസ്ഥാപിക്കുന്നതിൽ മാത്രം ആൻജിയോപ്ലാസ്റ്റി ഒതുങ്ങുന്നില്ല. ചികിത്സാഫലം ദീർഘകാലം നിലനിർത്തുകയും ഭാവിയിലെ ഹൃദയ സങ്കീർണതകൾ കുറയ്ക്കുകയും ചെയ്യുന്നതാണ് നൂതന ചികിത്സയുടെ ലക്ഷ്യം. ധമനികളുടെ ഉൾഭാഗം വിശദമായി പരിശോധിച്ച് സ്റ്റെന്റ് കൃത്യമായി സ്ഥാപിക്കുന്നതിലൂടെ ചികിത്സ കൂടുതൽ ഫലപ്രദമാക്കാനാകുമെന്നും അദ്ദേഹം പറഞ്ഞു.

കാൽസ്യം അടിഞ്ഞുകൂടി കഠിനമായ ഹൃദയധമനികളിലെ തടസ്സങ്ങൾ ചികിത്സിക്കുന്നതിലെ പുതിയ മുന്നേറ്റങ്ങളും സമ്മേളനത്തിൽ ചർച്ചയായി. ഇത്തരം ധമനികളിൽ സ്റ്റെന്റ് പൂർണമായി വികസിക്കാത്തത് ചികിത്സയ്ക്ക് വെല്ലുവിളിയാണ്. സമ്മർദതരംഗങ്ങൾ ഉപയോഗിച്ച് കാൽസ്യം നിക്ഷേപങ്ങളിൽ വിള്ളലുണ്ടാക്കി സ്റ്റെന്റ് ശരിയായി വികസിക്കാൻ സഹായിക്കുന്ന ഇൻട്രാവാസ്കുലർ ലിത്തോട്രിപ്സി ഉൾപ്പെടെയുള്ള നൂതന രീതികൾ വിദഗ്ധർ അവതരിപ്പിച്ചു. സ്റ്റെന്റിനുള്ളിൽ വീണ്ടും തടസ്സമുണ്ടാകുന്നതിന്റെ കാരണങ്ങൾ, പ്രധാന ഹൃദയധമനികളിലെ സങ്കീർണ തടസ്സങ്ങളുടെ ചികിത്സ, ഇൻട്രാവാസ്കുലർ അൾട്രാസൗണ്ട് , ഒപ്റ്റിക്കൽ കോഹറൻസ് ടോമോഗ്രഫി എന്നിവയുടെ ഉപയോഗം തുടങ്ങിയ വിഷയങ്ങളും സമ്മേളനത്തിൽ ചർച്ചയായി.

തൃശൂർ സിഎച്ച് സെന്റർ ഉദ്ഘാടനം 20ന്



തൃശൂർ: മുളങ്കുന്നത്തുകാവ് ഗവ. മെഡിക്കൽ കോളജിൽ കാൻസർ ചികിത്സക്കായി എത്തുന്ന നിർധനരോഗികൾക്കും കൂട്ടിരിപ്പുകാർക്കും സൗജന്യ താമസവും ഭക്ഷണവും ഒരുക്കുന്നതിനായി നിർമിച്ച തൃശൂർ സിഎച്ച് സെന്റർ 20ന് ഉച്ചയ്ക്കുശേഷം മൂന്നിന് മുസ്ലിംലീഗ് സംസ്ഥാന പ്രസിഡൻറ് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളും എം.എ. യൂസഫലിയും ചേർന്ന് ഉദ്ഘാടനം ചെയ്യുമെന്ന് ഭാരവാഹികൾ പത്ര സമ്മേളനത്തിൽ അറിയിച്ചു.

മെഡിക്കൽ കോളജിനുസമീപം 41 സെൻറിൽ അഞ്ചു കോടിയിലേറെ രൂപ ചെലവഴിച്ച് 14,000 ചതുരശ്ര അടിയിലേറെ വിസ്തൃതിയിൽ നിർമിച്ച സിഎച്ച് സെന്ററിൽ 24 താമസമുറികൾ ഉൾപ്പടെ രോഗികൾക്കും കൂട്ടിരിപ്പുകാർക്കും ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്.

പത്രസമ്മേളനത്തിൽ സി.എ. മുഹമ്മദ് റഷീദ്, പി.എം. അമീർ, ആർ.വി. അബ്ദുൾറഹീം, പി.കെ ഷാ ഹുൽഹമീദ്, എം.പി കുഞ്ഞിക്കോയതങ്ങൾ, എം.എ റഷീദ് എന്നിവർ പങ്കെടുത്തു.



കൊച്ചിയിൽ നടന്ന ബിൽഡ് സമ്മിറ്റ് 3.0ന്റെ ഉദ്ഘാടനച്ചടങ്ങിൽ നിന്ന്. (ഇടത്തുനിന്ന്) ഡോ. പ്രേം നായർ, ഡോ. വിഷ്ണു വാഴൂർ, പ്രൊഫ. മാർട്ടിൻ കോൾബ്, പ്രൊഫ. ദേജി അഡെഗുൻസോയെ, ഡോ. സുജീത് രാജൻ, ഡോ. രൺദീപ് ഗുലേറിയ, ഡോ. അസ്മിത മേത്ത, ഡോ. ദീപക് തൽവാർ.

ഐഎൽഡി ചികിത്സയ്ക്ക് ആഗോള വിദഗ്ധരുടെ കൂട്ടായ്മ സംഘടിപ്പിച്ച് അമൃത

കൊച്ചിയിൽ ബിൽഡ് സമ്മിറ്റ് 3.0; രോഗികൾക്കും ഡോക്ടർമാർക്കും സഹായമായി പുതിയ ആപ്പ്

കൊച്ചി: ശ്വാസകോശത്തെ ബാധിക്കുന്ന ഇന്റർസ്റ്റീഷ്യൽ ലങ് ഡിസീസസ് രോഗങ്ങളുടെ നേരത്തെയുള്ള രോഗനിർണയവും മെച്ചപ്പെട്ട ചികിത്സയും ലക്ഷ്യമിട്ട് ലോകപ്രശസ്ത വിദഗ്ധർ കൊച്ചിയിൽ ഒത്തുചേർന്നു. അമൃത ആശുപത്രിയിലെ റെസ്പിറേറ്ററി മെഡിസിൻ വിഭാഗം സംഘടിപ്പിച്ച ദ്വിദിന ദേശീയ സമ്മേളനമായ 'ബിൽഡ് സമ്മിറ്റ് 3.0' നവംബർ 14, 15 തീയതികളിൽ മറൈൻ ഡ്രൈവിലെ വിവാന്ത ബൈ താജിൽ നടന്നു. ഡോക്ടർമാർക്കും രോഗികൾക്കും കുടുംബാംഗങ്ങൾക്കും ഐഎൽഡി രോഗത്തെക്കുറിച്ച് കൂടുതൽ അറിയാൻ സഹായിക്കുന്ന ബിൽഡ് ആപ്പും സമ്മേളനത്തിൽ പ്രകാശനം ചെയ്തു.

കാനഡയിലെ മക്മാസ്റ്റർ സർവകലാശാലയിലെ പ്രൊഫ. മാർട്ടിൻ കോൾബ്, അമേരിക്കയിലെ ചിക്കാഗോ സർവകലാശാലയിലെ പ്രൊഫ. ദേജി അഡെഗുൻസോയെ, നെതർലൻഡ്സിലെ ഇറാസ്മസ് മെഡിക്കൽ സെന്ററിലെ പ്രൊഫ. മാർലീസ് വൈസൻബീക്ക് എന്നിവരുൾപ്പെടെയുള്ള അന്താരാഷ്ട്ര വിദഗ്ധരും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള പൾമണോളജിസ്റ്റുകളും റേഡിയോളജിസ്റ്റുകളും പാത്തോളജിസ്റ്റുകളും സമ്മേളനത്തിൽ പങ്കെടുത്തു. അമൃത ഹോസ്പിറ്റൽസ് ഗ്രൂപ്പ് മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ഭദ്രദീപം തെളിച്ച് സമ്മേളനം ഉദ്ഘാടനം ചെയ്തു. അമൃത ആശുപത്രി റെസ്പിറേറ്ററി മെഡിസിൻ വിഭാഗം മേധാവി പ്രൊഫ. ഡോ. അസ്മിത മേത്തയായിരുന്നു കോഴ്സ് ഡയറക്ടർ. അമൃത സ്കൂൾ ഓഫ് മെഡിസിൻ പ്രിൻസിപ്പൽ ഡോ. ഗിരീഷ് കുമാർ. കെ.പി., ഡോ. രൺദീപ് ഗുലേറിയ, ഡോ. ദീപക് തൽവാർ, ഡോ. സുജീത് രാജൻ, ഡോ. വിഷ്ണു വാഴൂർ തുടങ്ങിയവരും പങ്കെടുത്തു.

ഐഎൽഡി രോഗങ്ങൾ 200ലധികം തരത്തിലുണ്ട്. ശ്വാസകോശത്തിൽ മുറിവുകളും പാടുകളും രൂപപ്പെടുകയും ശ്വാസതടസ്സത്തിന് കാരണമാവുകയും ചെയ്യുന്ന ഇവയിൽ പലതും കാലക്രമേണ ഗുരുതരമാകാം. രോഗനിർണയത്തിലെ വെല്ലുവിളികൾ പരിഹരിക്കാൻ വിവിധ വിഭാഗങ്ങളിലെ വിദഗ്ധരുടെ കൂട്ടായ വിലയിരുത്തൽ അനിവാര്യമാണ്. ഈ സാഹചര്യത്തിൽ, രോഗനിർണയത്തിനും ചികിത്സയ്ക്കും ആവശ്യമായ അറിവ് ഡോക്ടർമാരിലേക്ക് എത്തിക്കുകയാണ് സമ്മേളനത്തിന്റെ ലക്ഷ്യം. ഫൈബ്രോട്ടിക് ശ്വാസകോശ രോഗങ്ങളുടെ ചികിത്സ, പ്രിസിഷൻ മെഡിസിൻ, ബയോമാർക്കറുകൾ, രോഗത്തിന്റെ വിവിധ ഉപവിഭാഗങ്ങൾ, സാർകോയിഡോസിസ് തുടങ്ങിയ വിഷയങ്ങളിൽ പ്രഭാഷണങ്ങളും ചർച്ചകളും നടന്നു. എച്ച്ആർസിടി ചിത്രങ്ങളുടെ വിശകലനത്തിലും ഇമേജിങ്ങിന് അപ്പുറമുള്ള രോഗനിർണയ രീതികളിലും പ്രായോഗിക പരിശീലന ക്ലാസുകളും സംഘടിപ്പിച്ചു. ഐഎൽഡി ചികിത്സ ഒരു പ്രത്യേക ഉപവിഭാഗമായി വികസിപ്പിക്കേണ്ടതുണ്ടോ എന്ന വിഷയത്തിലെ സംവാദവും ശ്രദ്ധേയമായി.

ഡോ. മെറിൻ തോമസിന് അമൃത ആശുപത്രി റെസ്പിറേറ്ററി മെഡിസിൻ വിഭാഗത്തിന്റെ ആദ്യ ഐഎൽഡി ഫെലോഷിപ്പ് സമ്മാനിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള പൾമണോളജിസ്റ്റുകൾ, റേഡിയോളജിസ്റ്റുകൾ, പാത്തോളജിസ്റ്റുകൾ എന്നിവർ രണ്ടാഴ്ചയിലൊരിക്കൽ ഓൺലൈനായി ഒത്തുചേർന്ന് സങ്കീർണമായ ഐഎൽഡി രോഗാവസ്ഥകൾ ചർച്ച ചെയ്യുന്ന പാൻ ഇന്ത്യ ഐഎൽഡി മൾട്ടി ഡിസിപ്ലിനറി മീറ്റിങ്ങിലെ വിദഗ്ധരെയും ആദരിച്ചു. യുവ ഡോക്ടർമാർക്കായി സംഘടിപ്പിച്ച ബിൽഡ് ഐ എൽ ഡി ക്വിസിൽ അഞ്ച് ടീമുകൾ പങ്കെടുത്തു.

2024 ജനുവരിയിൽ ആരംഭിച്ച ബിൽഡ് സംരംഭത്തിന്റെ ലക്ഷ്യം ഐഎൽഡി രോഗങ്ങൾ നേരത്തേയും കൃത്യമായും തിരിച്ചറിയാൻ ഡോക്ടർമാരെ സഹായിക്കുകയും രോഗികൾക്ക് മികച്ച ചികിത്സ ഉറപ്പാക്കുകയുമാണെന്ന് ഡോ. അസ്മിത മേത്ത പറഞ്ഞു. പുതിയ ആപ്പിലൂടെ ഈ ലക്ഷ്യം സമ്മേളനവേദിക്കപ്പുറത്തേക്ക് വ്യാപിപ്പിക്കാനാകുമെന്നും അവർ കൂട്ടിച്ചേർത്തു. ഡോക്ടർമാർക്ക് എച്ച്ആർസിടി പഠനസാമഗ്രികൾ, കേസ് അടിസ്ഥാനമാക്കിയുള്ള ക്വിസുകൾ, റെക്കോർഡ് ചെയ്ത മൾട്ടി ഡിസിപ്ലിനറി ചർച്ചകൾ, ഇന്ത്യൻ രോഗികളുടെ വിവരങ്ങൾ അടിസ്ഥാനമാക്കി വികസിപ്പിച്ച BUILD പ്രോഗ്നോസ്റ്റിക് സ്കോർ എന്നിവ ആപ്പിൽ ലഭിക്കും. രോഗികൾക്കും പരിചരിക്കുന്നവർക്കും വിശ്വസനീയമായ വിവരങ്ങളും പിന്തുണയും ലഭ്യമാക്കും. ഗൂഗിൾ പ്ലേ സ്റ്റോറിൽ ആപ്പ് ലഭ്യമാണ്. ഐഫോൺ ഉപയോക്താക്കൾക്ക് buildildapp.com വഴി ഉപയോഗിക്കാം. സമ്മേളനത്തിന് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ നാല് മണിക്കൂർ ക്രെഡിറ്റ് സമയവും അനുവദിച്ചു.

വികസിത ഭാരതം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് ആരോഗ്യമുള്ള യുവതലമുറ അനിവാര്യം: വൈസ് ചാൻസലർ

കോട്ടയം: ആരോഗ്യമുള്ള യുവതലമുറയാണ് വികസിത ഭാരതമെന്ന ലക്ഷത്തിന് അടിത്തറയെന്നും വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണത്തിന് രാജ്യത്തിന്റെ വികസനത്തിൽ നിർണായക സ്ഥാനമുണ്ടെന്നും മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. ഡോ. ഡി. മാവൂതു അഭിപ്രായപ്പെട്ടു. പാലാ മാർ സ്ലീവാ മെഡിസിറ്റിയുമായി ചേർന്ന് സർവകലാശാലയിൽ നടപ്പിലാക്കുന്ന സൗജന്യ മെഡിക്കൽ സേവന പദ്ധതിയുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. പദ്ധതി വഴി മെഡിസിറ്റിയിലെ വിവിധ സ്പെഷ്യാലിറ്റി ഡോക്ടർമാരുടെ സേവനം വിദ്യാർത്ഥികൾക്കും സർവകലാശാലാ ജീവനക്കാർക്കും ആശ്രിതർക്കും ലഭ്യമാകും. രോഗം വന്നശേഷം ചികിത്സ തേടുന്നതിന് പകരം രോഗപ്രതിരോധത്തിന് മുൻഗണന നൽകുന്ന ആരോഗ്യ സംസ്കാരം വളർത്തിയെടുക്കണം. കൃത്യമായ ഇടവേളകളിലുള്ള ആരോഗ്യപരിശോധനകൾ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും സങ്കീർണതകൾ ഒഴിവാക്കുന്നതിനും സഹായിക്കും. ജീവിതശൈലീരോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ ആരോഗ്യകരമായ ജീവിത ശീലങ്ങളും രോഗപ്രതിരോധത്തെക്കുറിച്ചുള്ള അവബോധവും അനിവാര്യമാണ്. ആരോഗ്യസംരക്ഷണത്തിൽ മുൻകൂട്ടിയുള്ള ഇടപെടലുകൾ ചികിത്സാച്ചെലവ് കുറയ്ക്കുന്നതിനൊപ്പം ആരോഗ്യകരമായ ജീവിത രീതിക്കും സഹായിക്കും. കഠിനാധ്വാനത്തിലൂടെ സമ്പാദിക്കുന്ന പണം ചികിത്സാച്ചെലവുകൾക്കായി വിനിയോഗിക്കേണ്ടിവരുന്ന സാഹചര്യം ജീവിത ശൈലി നിയന്ത്രിക്കുന്നതിലൂടെ ഒഴിവാക്കാനാകും എന്നും വൈസ് ചാൻസലർ അഭിപ്രായപ്പെട്ടു. സർവകലാശാലാ രജിസ്ട്രാർ പ്രൊഫ. ഡോ. ബിനു ജോർജ് വർഗീസ് സ്വാഗതം ആശംസിച്ചു. മാർ സ്ലീവാ മെഡിസിറ്റി അസോസിയേറ്റ് ഡയറക്ടർ റവ. ഫാ. മാത്യു തുരുത്തിപ്പള്ളിൽ, ഫിനാൻസ് ഓഫീസർ ബിജു മാത്യു എന്നിവർ ആശംസകളർപ്പിച്ചു. സർവകലാശാലാ ഹെൽത്ത് സെന്റർ മെഡിക്കൽ ഓഫീസർ ഡോ. ജിക്സൺ കെ. ജോൺ നന്ദി രേഖപ്പെടുത്തി.

കൊച്ചി തുറമുഖത്തേക്ക് രണ്ടാമത്തെ കൊച്ചി– കൊളംബോ പ്രതിവാര സർവീസ് ആരംഭിച്ചു



കൊച്ചി: കൊച്ചി– കൊളംബോ റൂട്ടിൽ രണ്ടാമത്തെ പ്രതിവാര സർവീസ് ആരംഭിച്ച് ഇന്ത്യയും ശ്രീലങ്കയും തമ്മിലുള്ള സമുദ്ര ഗതാഗത ബന്ധം ഡിപി വേൾഡ് ശക്തിപ്പെടുത്തി. ദക്ഷിണേന്ത്യയിലെ വ്യാപാര മേഖലയ്ക്ക് ചരക്ക് നീക്കം ആസൂത്രണം ചെയ്യുന്നതിൽ കൂടുതൽ സൗകര്യവും, പ്രാദേശികഅന്തർദേശീയ ഷിപ്പിംഗ് ശൃംഖലകളിലേക്ക് മികച്ച പ്രവേശനവും നൽകുന്നതാണ് പുതിയ സർവീസ്.

ബംഗാൾ ടൈഗർ ലൈൻ (ബി.ടി.എൽ) നടത്തുന്ന ഈ അധിക സർവീസ് (എസ്.ഐ.എസ്) മംഗലാപുരം കൊച്ചി കൊളംബോ മംഗലാപുരം റൂട്ടിലാണ് പ്രവർത്തിക്കുന്നത്.

സർവീസിലെ ആദ്യ കപ്പലായ ഏകദേശം 1,000 ടി.ഇ.യു ശേഷിയുള്ള 'എം.വി. ടിസി സിംഫണി' കൊച്ചിയിലെ ഡിപി വേൾഡിന്റെ ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിൽ (ഐ.സി.ടി.ടി) എത്തിച്ചേർന്നു. പ്രാദേശിക വ്യാപാര ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനും, ബിസിനസുകൾക്ക് വിശ്വസനീയമായ വിതരണ ശൃംഖല ഉറപ്പാക്കുന്നതിനുമുള്ള സുപ്രധാന ചുവടുവെപ്പാണ് പുതിയ സർവീസെന്ന്

ഡിപി വേൾഡ് (ഇന്ത്യ) സബ്കോണ്ടിനെന്റ് കൺട്രി മാനേജർ ഹേമന്ത് കുമാർ റൂയിയ പറഞ്ഞു.സംയോജിത തുറമുഖലോജിസ്റ്റിക്സ് അടിസ്ഥാന സൗകര്യങ്ങളിൽ നിക്ഷേപം നടത്താൻ കമ്പനി പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം വ്യക്തമാക്കി.

കൊളംബോ വഴി അന്താരാഷ്ട്ര വിപണികളിലേക്കുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിലൂടെ ദക്ഷിണേന്ത്യൻ വ്യാപാരത്തിന്റെ പ്രധാന കവാടമെന്ന നിലയിൽ ഡിപി വേൾഡ് കൊച്ചിയുടെ സ്ഥാനം കൂടുതൽ ശക്തമാകുകയാണ്.



വനിതാ ഡ്രൈവർമാരുടെ സേവനം വിപുലീകരിച്ച് ഫ്യൂച്ചർപോയിന്റ് ക്യാബ്സ്

പരിസ്ഥിതി സൗഹൃദ പ്രവർത്തനങ്ങൾക്ക് സിഐഐ ദേശീയ പുരസ്കാരം പുതിയ പരിശീലന ബാച്ചിലേക്ക് അപേക്ഷ ക്ഷണിച്ചു

കൊച്ചി: വനിതാ ഡ്രൈവർമാരുടെ സേവനം കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിച്ച് ഫ്യൂച്ചർപോയിന്റ് ക്യാബ്സ്. കോർപറേറ്റ് യാത്രകൾക്കു പുറമെ വിവാഹച്ചടങ്ങുകൾ, സമ്മേളനങ്ങൾ, ഹോട്ടൽവിനോദസഞ്ചാര മേഖല, വിമാനത്താവള യാത്രകൾ തുടങ്ങിയവയ്ക്കും വനിതാ ഡ്രൈവർമാരുടെ സേവനം ലഭ്യമാക്കും. ഐബിഎസ് സോഫ്റ്റ്വെയറിന്റെ സിഎസ്ആർ പിന്തുണയോടെ ഐബിഎസ് ഫൗണ്ടേഷനാണ് പദ്ധതി നടപ്പാക്കുന്നത്.

വനിതാ ഡ്രൈവർമാരെ വാർത്തെടുക്കുന്നതിനുള്ള അടുത്ത പരിശീലന ബാച്ചിലേക്ക് 21നും 50നും ഇടയിൽ പ്രായമുള്ളവരിൽനിന്ന് അപേക്ഷ ക്ഷണിച്ചു. എറണാകുളം കാക്കനാട്ട് നടക്കുന്ന പരിശീലനം ഭക്ഷണവും പഠനസാമഗ്രികളും ഉൾപ്പെടെ സൗജന്യമാണ്. ഫോർവീലർ ഡ്രൈവിങ് ലൈസൻസുള്ളവർക്ക് മുൻഗണന. ഡ്രൈവിങ് പരിശീലനത്തിനുപുറമെ, പെരുമാറ്റരീതികൾക്കും ആശയവിനിമയത്തിനും പ്രാധാന്യം നൽകുന്ന ക്ലാസ്റൂം പരിശീലനവും പദ്ധതിയുടെ ഭാഗമാണ്. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കേഷനും ഫ്യൂച്ചർപോയിന്റിൽ തൊഴിൽ അവസരവും ലഭിക്കും. പ്രതിമാസം 20,000 മുതൽ 25,000 രൂപവരെ വരുമാനത്തിനൊപ്പം പ്രകടനത്തിന്റെ അടിസ്ഥാനത്തിൽ ഇൻസെന്റീവുകളും ലഭിക്കും. താൽപര്യമുള്ളവർ 8129902043 എന്ന നമ്പറിൽ ബന്ധപ്പെടാം.

വനിതകളുടെ സാമ്പത്തിക സ്വാശ്രയത്വവും തൊഴിൽ പങ്കാളിത്തവും ലക്ഷ്യമിട്ടുള്ള സംരംഭമാണിതെന്ന് ഐബിഎസ് ഗ്രൂപ്പ് സ്ഥാപകനും എക്സിക്യൂട്ടീവ് ചെയർമാനുമായ വി.കെ. മാത്യൂസ് പറഞ്ഞു. കോർപറേറ്റ് സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങളിൽനിന്നും ലഭിച്ച പ്രതികരണമാണ് കൂടുതൽ മേഖലകളിലേക്ക് സേവനം വ്യാപിപ്പിക്കാൻ പ്രേരണയായത്. സാമൂഹിക പ്രതിബദ്ധതയും ബിസിനസ് സുസ്ഥിരതയും ഒരുമിച്ച് മുന്നോട്ടുകൊണ്ടുപോകാൻ സംരംഭത്തിന് സാധിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു.

2025 ഏപ്രിലിലാണ് ഫ്യൂച്ചർപോയിന്റ് ക്യാബ്സ് ആരംഭിച്ചത്. പരിസ്ഥിതി സൗഹൃദ ഗതാഗതത്തിന് പ്രാധാന്യം നൽകുന്ന പദ്ധതിക്ക് 2026ലെ സിഐഐ ദേശീയ പരിസ്ഥിതി മികച്ച പ്രവർത്തന പുരസ്കാരവും ലഭിച്ചു. ആകെ പൂർത്തിയാക്കിയ 7,150 യാത്രകളിൽ 5,000ത്തിലധികവും ഇലക്ട്രിക് വാഹനങ്ങളിലായിരുന്നു. വാഹനങ്ങൾ സഞ്ചരിച്ച ആകെ 2.5 ലക്ഷം കിലോമീറ്ററിൽ 1.75 ലക്ഷത്തിലധികം കിലോമീറ്ററും ഇലക്ട്രിക് വാഹനങ്ങളിലൂടെയായിരുന്നു. ഈ നേട്ടത്തിനാണ് 13ാമത് സിഐഐ ദേശീയ പരിസ്ഥിതി മികച്ച പ്രവർത്തന പുരസ്കാരത്തിലെ എക്സലന്റ് എൻവയോൺമെന്റൽ പ്രോജക്ട് അവാർഡ് ലഭിച്ചത്.



ലൈഫ്ബ്രിഡ്ജ് ഗ്രൂപ്പിന്റെ സീനിയർഷീൽഡിന് ഫിക്കി ഹെൽത്ത് കെയർ എക്സലൻസ് പുരസ്കാരം

ന്യൂദൽഹി: ലൈഫ്ബ്രിഡ്ജ് ഗ്രൂപ്പിന്റെ മുതിർന്ന പൗരന്മാരുടെ ആരോഗ്യ, ക്ഷേമ, സാമൂഹിക ഇടപെടൽ ആവശ്യങ്ങൾക്കായുള്ള സാങ്കേതിക പ്ലാറ്റ്ഫോമായ സീനിയർഷീൽഡിന് ഫിക്കി ഹെൽത്ത്കെയർ എക്സലൻസ് അവാർഡ് 2026 ലഭിച്ചു. ന്യൂഡൽഹിയിൽ നടന്ന 183മത് ഫിക്കി ഹെൽത്ത്കെയർ എക്സലൻസ് പുരസ്കാരച്ചടങ്ങിൽ 'ടെക്നോളജി ട്രാൻസ്ഫർമേഷൻ ഇനിഷ്യേറ്റീവ് ഓഫ് ദി ഇയർ' വിഭാഗത്തിലാണ് പുരസ്കാരം. വിവിധ വിഭാഗങ്ങളിലായി ലഭിച്ച 200ഓളം അപേക്ഷകളിൽനിന്നാണ് സീനിയർഷീൽഡ് തിരഞ്ഞെടുക്കപ്പെട്ടത്. ലൈഫ്ബ്രിഡ്ജ് ഗ്രൂപ്പ് വൈസ് പ്രസിഡന്റ് (പ്രൊഡക്ട് ആൻഡ് ടെക്നോളജി) അർജുൻ ആർ, ശശി തരൂർ എം.പിയിൽനിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

ആരോഗ്യ നിരീക്ഷണം, വയോജന ചികിത്സാ വിദഗ്ധരുടെ സേവനം, വീഴ്ച തിരിച്ചറിയൽ, ജിയോ ലൊക്കേഷൻ ട്രാക്കിംഗ്, അടിയന്തര സഹായ അറിയിപ്പുകൾ തുടങ്ങിയ സൗകര്യങ്ങൾ പ്ലാറ്റ്ഫോമിലുണ്ട്. വൈകാരിക പിന്തുണയും ആപ്പ് ഉപയോഗത്തിനുള്ള മാർഗനിർദേശവും ആരോഗ്യനില നിരീക്ഷണവും നൽകുന്ന ഹെൽത്ത് ബഡ്ഡി സംവിധാനവും ഇതിന്റെ ഭാഗമാണ്. ആരോഗ്യസംരക്ഷണം, സാമൂഹിക ഇടപെടൽ, ഉൽപ്പന്നസേവന ലഭ്യത എന്നിവ ഏകോപിപ്പിക്കുന്ന മൂന്ന് വിഭാഗങ്ങളിലായാണ് പ്ലാറ്റ്ഫോം പ്രവർത്തിക്കുന്നത്. മുതിർന്ന പൗരന്മാർക്കും അവരെ പരിചരിക്കുന്നവർക്കും കുടുംബാംഗങ്ങൾക്കും ദൈനംദിന പരിചരണം കൂടുതൽ ഫലപ്രദമാക്കുകയാണ് ലക്ഷ്യമെന്ന് ലൈഫ്ബ്രിഡ്ജ് ഗ്രൂപ്പ് അറിയിച്ചു.



ആസ്റ്റർ മെഡ്സിറ്റി സംഘടിപ്പിച്ച ആസ്റ്റർ ന്യൂട്രിക്കോൺ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് ഉദ്ഘാടനം ചെയ്യുന്നു. ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ഷുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി. ആർ. ജോൺ, ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗം മേധാവി റ്റീന ജോൺ തുടങ്ങിയവർ സമീപം.

ഹൃദയാരോഗ്യം ചർച്ചചെയ്ത് ആസ്റ്റർ ന്യൂട്രിക്കോൺ 2026

കൊച്ചി: ആരോഗ്യപരിപാലനത്തിൽ പോഷകാഹാരത്തിന്റെ പ്രാധാന്യം ഉയർത്തിക്കാട്ടുന്നതിനായി ആസ്റ്റർ മെഡ്സിറ്റി സംഘടിപ്പിച്ച ആസ്റ്റർ ന്യൂട്രിക്കോൺ കൃഷിവകുപ്പ് മന്ത്രി അഡ്വ. ടി. സിദ്ദിഖ് ഉദ്ഘാടനം ചെയ്തു. 'ദി ആർട്ട് ന്യൂട്രീഷൻ സമ്മിറ്റ് 2026' എന്ന പേരിൽ നടന്ന ന്യൂട്രിക്കോണിന്റെ എട്ടാമത് പതിപ്പിൽ ഹൃദയാരോഗ്യമായിരുന്നു പ്രധാന വിഷയം.

ആസ്റ്റർ മെഡ്സിറ്റിയിലെ ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗം സംഘടിപ്പിച്ച സമ്മേളനം, സമഗ്ര ആരോഗ്യപരിപാലനത്തിൽ പോഷകാഹാരത്തിന്റെ പങ്ക്, ക്ലിനിക്കൽ ന്യൂട്രീഷൻ, ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ പരിചരണം, വ്യായാമം, ഹൃദയ പുനരധിവാസം തുടങ്ങിയ വിഷയങ്ങളിൽ ഡോക്ടർമാരും ഡയറ്റീഷ്യൻമാരും ആരോഗ്യവിദഗ്ധരും പ്രഭാഷണങ്ങളും ചർച്ചകളും നടത്തി.

ആസ്റ്റർ മെഡ്സിറ്റി സിഒഒ ഡോ. ഷുഹൈബ് ഖാദർ, ചീഫ് ഓഫ് മെഡിക്കൽ സർവീസസ് ഡോ. ടി. ആർ. ജോൺ, ക്ലിനിക്കൽ ന്യൂട്രീഷൻ ആൻഡ് ഡയറ്ററ്റിക്സ് വിഭാഗം മേധാവി റ്റീന ജോൺ എന്നിവരും ചടങ്ങിന്റെ ഭാഗമായി. വിവിധ ചികിത്സാ വിഭാഗങ്ങളുടെ ഏകോപനവും രോഗീപരിചരണത്തിൽ പോഷകാഹാരത്തിന്റെ പ്രാധാന്യവും സമ്മേളനത്തിൽ എടുത്തുകാട്ടി.

സൊസൈറ്റി ടുഡേ SOCIETY TODAY

പ്രകൃതിദത്ത വജ്രാഭരണ കളക്ഷനായ 'സ്വേ' അവതരിപ്പിച്ച് മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ്

കൊച്ചി: ലോകത്തിലെ നാലാമത്തെ വലിയ ജ്വല്ലറി റീട്ടെയ്ലറും റെസ്പോൺസിബിൾ ജ്വല്ലറുമായ മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് പ്രകൃതിദത്ത വജ്രാഭരണങ്ങൾക്കു മാത്രമായി 'സ്വേ' കളക്ഷൻ അവതരിപ്പിച്ചു. ഉപഭോക്താക്കളുടെ മാറിവരുന്ന അഭിരുചികൾക്കനുസൃതമായി, സ്പൈറൽ ഷേപ്പിൽനിന്നും പ്രചോദനമുൾക്കൊണ്ട് ആധുനിക ഡിസൈനിലുള്ള വജ്രാഭരണങ്ങളാണ് 'സ്വേ' ആഭരണ ശേഖരത്തിലുള്ളത്. വജ്രങ്ങളുടെ സവിശേഷമായ വിന്യാസം ആഭരണങ്ങൾക്ക് പ്രത്യേക ചാരുത നൽകുന്നു. കാഴ്ചയിൽ വേറിട്ടുനിൽക്കുന്നതും എന്നാൽ ഭാരം കുറഞ്ഞതുമായ ഈ ആഭരണങ്ങൾ ദൈനംദിന ഉപയോഗത്തിനും പ്രത്യേക ആഘോഷങ്ങൾക്കും ഒരുപോലെ അണിയാൻ അനുയോജ്യമായ രീതിയിലാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ലളിതമായും ലെയർ ചെയ്തും ഉപയോഗിക്കാൻ കഴിയുന്ന 'സ്വേ' കളക്ഷനിലെ ഓരോ ആഭരണങ്ങളും ആധുനിക സ്ത്രീയുടെ ആഭരണ സങ്കൽപ്പങ്ങളെ തൃപ്തിപ്പെടുത്തുന്നതാണ്.

മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സ് ബ്രാൻഡ് അംബാസഡർ ആലിയ ഭട്ട് ജനങ്ങളിലേക്ക് എത്തിച്ച 'ഡയമണ്ട്സ് ഡാറ്റ് മൂവ് വിത്ത് യു' എന്ന പുതിയ ക്യാംപെയ്നിലൂടെയാണ് 'സ്വേ' കളക്ഷൻ അവതരിപ്പിച്ചിരിക്കുന്നത്.

മനസ്സിനിണങ്ങുന്ന ആഭരണങ്ങൾ അണിഞ്ഞ് ഓരോ നിമിഷവും ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകുന്ന സ്ത്രീകളുടെ പ്രതിരൂപമായി ആലിയ ഭട്ട് ക്യാംപെയ്നിൽ തിളങ്ങുന്നു.

സ്ത്രീകളുടെ ദൈനംദിന ജീവിതത്തിലെ ആഘോഷങ്ങളിൽനിന്നും ചുമതലകളിൽനിന്നും പ്രചോദനമുൾക്കൊണ്ടാണ് 'സ്വേ' കളക്ഷൻ ഒരുക്കിയിരിക്കുന്നതെന്ന് മലബാർ ഗ്രൂപ്പ് ചെയർമാൻ എം. പി. അഹമ്മദ് പറഞ്ഞു. തങ്ങളുടെ വ്യക്തിത്വം പ്രതിഫലിപ്പിക്കുന്നതും വിവിധ സന്ദർഭങ്ങൾക്ക് അനുയോജ്യമായതുമായ ആഭരണങ്ങൾക്കാണ് ഇന്നത്തെ സ്ത്രീകൾ മുൻഗണന നൽകുന്നത്. സ്പൈറൽ ഡിസൈനുകൾ, ഓപ്പൺ സ്പേസുകൾ, യഥാർത്ഥ ഡയമണ്ടുകൾ എന്നിവ സമന്വയിപ്പിച്ചാണ് 'സ്വേ' ആഭരണങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. കുറഞ്ഞ ഭാരവും ഏത് അവസരത്തിനും ഇണങ്ങുന്ന വൈവിധ്യമാർന്ന ഡിസൈനുകളുമാണ് ഈ പുതിയ കളക്ഷന്റെ പ്രത്യേകതയെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

സുതാര്യവും ഉത്തരവാദിത്തമുള്ളതുമായ വ്യാപാര രീതികളിലൂടെ ഉപഭോക്തൃ വിശ്വാസം സംരക്ഷിക്കുന്ന മലബാർ പ്രോമിസുകളുടെ കരുത്തിലാണ് 'സ്വേ' വജ്രാഭരണ കളക്ഷൻ പുറത്തിറങ്ങിയിരിക്കുന്നത്. വിശ്വസനീയ ഉറവിടങ്ങളിൽനിന്നും പ്രകൃതിദത്ത മാർഗങ്ങളിലൂടെ ശേഖരിക്കുന്ന സർട്ടിഫൈഡ് വജ്രങ്ങൾ, ബിഐഎഎസ് ഹാൾമാർക്കുള്ള സ്വർണം എന്നിവ ഉപയോഗിച്ചു നിർമിക്കുന്ന ഇത്തരം ആഭരണങ്ങൾ 28 കർശന ഗുണനിലവാര പരിശോധനകൾക്ക് ശേഷമാണ് വിപണിയിലെത്തുന്നത്.

പഴയ സ്വർണ്ണത്തിനും ഡയമണ്ടിനും 100 ശതമാനം എക്സ്ചേഞ്ച് മൂല്യം, സുതാര്യമായ വിലനിർണ്ണയം, ആജീവനാന്ത സൗജന്യ മെയിന്റനൻസ് എന്നിങ്ങനെയുള്ള മലബാർ പ്രോമിസസ്, 'സ്വേ' വജ്രാഭരണ ശേഖരത്തിനും ബാധകമാണ്.

സുതാര്യവും ഉത്തരവാദിത്തമുള്ളതുമായ രീതികളിലൂടെ ഉപഭോക്താക്കളുടെ വിശ്വാസം നിലനിർത്താനുള്ള മലബാർ ഗോൾഡ് ആൻഡ് ഡയമണ്ട്സിന്റെ തുടർച്ചയായ പ്രതിബദ്ധത കൂടിയാണ് ഈ പുതിയ ആഭരണകളക്ഷൻ അവതരിപ്പിച്ചതിലൂടെ പ്രതിഫലിക്കുന്നത്.

എല്ലാ സ്വർണ്ണാഭരണങ്ങളും എച്ച്.യു.ഐ.ഡി യോടുകൂടിയ ബി.ഐ.എസ് ഹാൾമാർക്ക് ചെയ്തവയാണ്, കൂടാതെ ഡയമണ്ട് ആഭരണങ്ങൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയവയുമാണ്.

DBS Foundation

തായ്ഷോ വെഞ്ചേഴ്സിന് ഡിബിഎസ് ഫൗണ്ടേഷന്റെ ഇംപാക്ട് ബിയോണ്ട് അവാർഡ്

കൊച്ചി: മുതിർന്ന പൗരന്മാർക്കായി ഇന്ത്യയിൽ പ്രവർത്തിക്കുന്ന തായ്ഷോ വെഞ്ചേഴ്സിന് ഡിബിഎസ് ഫൗണ്ടേഷന്റെ ഇംപാക്ട് ബിയോണ്ട് അവാർഡിന്റെ ഭാഗമായി 7.4 കോടി രൂപ (1 ദശലക്ഷം സിംഗപ്പൂർ ഡോളർ) ഗ്രാന്റ് ലഭിച്ചു. മുതിർന്നവർക്കായുള്ള ഫിജിറ്റൽ പ്ലാറ്റ്ഫോം വിപുലീകരിക്കാനും, ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കാനും, രണ്ടും മൂന്നും നിര നഗരങ്ങളിലെ കൂടുതൽ ആളുകളിലേക്ക് സേവനങ്ങൾ എത്തിക്കാനും ഈ തുക വിനിയോഗിക്കും.

ഏഷ്യയിലുടനീളം ലക്ഷ്യബോധത്തോടെ പ്രവർത്തിക്കുന്ന നാല് സംരംഭങ്ങൾക്കായി മൊത്തം 22 കോടി രൂപയുടെ (3 ദശലക്ഷം സിംഗപ്പൂർ ഡോളർ) ഫണ്ടിംഗ് ആണ് ഡിബിഎസ് ഫൗണ്ടേഷൻ പ്രഖ്യാപിച്ചിട്ടുള്ളത്. ഏഷ്യയിലെ പ്രായമായവരിൽ വർദ്ധിച്ചുവരുന്ന സാമൂഹിക ആവശ്യങ്ങൾ പരിഹരിക്കാനും അവരെ സ്വയംപര്യാപ്തരാക്കാനും ഈ സംരംഭങ്ങൾ സഹായിക്കുന്നു.

2030ഓടെ ഇന്ത്യയിലെ വയോജനങ്ങളുടെ എണ്ണം ഏകദേശം 193 ദശലക്ഷമായി ഉയരുമെന്നാണ് യുഎൻഎഫ്പിഎ ഇന്ത്യയുടെയും ഓബ്സർവർ റിസർച്ച് ഫൗണ്ടേഷന്റെയും റിപ്പോർട്ട് സൂചിപ്പിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് 50 വയസ്സിനു മുകളിലുള്ളവർക്കായി ഇന്ത്യയിലെ പ്രമുഖ പ്ലാറ്റ്ഫോമായ ഖയാൽ വഴി തായ്ഷോ വെഞ്ചേഴ്സ് മികച്ച സേവനങ്ങൾ നൽകുന്നത്. നിലവിൽ 5 ദശലക്ഷത്തിലധികം ഉപയോക്താക്കൾ ഈ പ്ലാറ്റ്ഫോമിനുണ്ട്.

സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടവരെ സഹായിക്കുന്നതിനായി കഴിഞ്ഞ ഒരു ദശാബ്ദമായി ഡിബിഎസ് ഫൗണ്ടേഷൻ സിംഗപ്പൂർ, ചൈന, ഹോങ്കോങ്, ഇന്ത്യ, ഇന്തോനേഷ്യ, തായ്വാൻ എന്നീ ആറ് പ്രധാന വിപണികളിലായി പ്രവർത്തിച്ചുവരികയാണ്.

സ്വർണവായ്പാ മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യം; പ്രഥമ ഗോൾഡ് സമ്മിറ്റ് സംഘടിപ്പിച്ച് ഫെഡറേഷൻ ഓഫ് ഗോൾഡ് ലോൺ കമ്പനീസ്

കൊച്ചി: രാജ്യത്തെ ഗോൾഡ് ലോൺ മേഖലയുടെ വളർച്ച ലക്ഷ്യമിട്ട് ഫെഡറേഷൻ ഓഫ് ഗോൾഡ് ലോൺ കമ്പനീസ് (എഫ്ജിഎൽഒസി) സംഘടിപ്പിച്ച പ്രഥമ ഗോൾഡ് സമ്മിറ്റ് കൊച്ചിയിൽ നടന്നു. മേഖലയുടെ സമഗ്ര വളർച്ചയ്ക്ക് ഏകീകൃത സംവിധാനമൊരുക്കുന്ന സ്വയംനിയന്ത്രണ സംഘടനയുടെ സാധ്യതയും ഉച്ചകോടിയിൽ ചർച്ചയായി. രാജ്യത്തുടനീളമുള്ള സ്വർണവായ്പാ സ്ഥാപനങ്ങളുടെ നൂറ്ററുപതോളം പ്രതിനിധികൾ ഉച്ചകോടിയിൽ പങ്കെടുത്തു. ഗോൾഡ് ലോൺ സ്ഥാപനങ്ങളുടെ വളർച്ചയ്ക്കും മേഖലയുടെ പുരോഗതിക്കുമായി സ്ഥാപനങ്ങളുടെ കൂട്ടായ പ്രവർത്തനം അനിവാര്യമാണെന്ന് മുത്തൂറ്റ് ഫിനാൻസ് എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ ജോർജ് അലക്സാണ്ടർ മുത്തൂറ്റ് അഭിപ്രായപ്പെട്ടു.

സ്വർണവായ്പ മേഖലയിലെ മുഴുവൻ സ്ഥാപനങ്ങളെയും ഒരു കുടക്കീഴിൽ ഏകീകരിക്കുകയാണ് സംഘടന രൂപീകരിക്കുന്നതിലൂടെ ലക്ഷ്യമിടുന്നതെന്നും അംഗംങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം എൻബിഎഫ്സികളുടെ പൊതുവായ ആവശ്യങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും ഏകീകൃത സംവിധാനമൊരുക്കുന്നത് സഹായകരമാകുമെന്നും ജോർജ് അലക്സാണ്ടർ മുത്തൂറ്റ് കൂട്ടിച്ചേർത്തു. മേഖലയുടെ നിലവാരം ഉയർത്തുന്നതിനൊപ്പം വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യമൊരുക്കുകയുമാണ് എഫ്ജിഎൽഒസി ഒരുക്കുന്നതെന്ന് മുത്തൂറ്റ് ഫിൻകോർപ് സിഇഒ ഷാജി വർഗീസ് പറഞ്ഞു. ബിസിനസ് പ്രവർത്തനങ്ങൾക്ക് പൊതുവായ മാനദണ്ഡങ്ങൾ രൂപീകരിക്കുക, പരിശീലനവും അറിവും ലഭ്യമാക്കുക, ചെറുകിട സ്ഥാപനങ്ങളുടെ വളർച്ചയ്ക്ക് പിന്തുണ നൽകുക, രാജ്യവ്യാപകമായി കൂടുതൽ ശക്തമായ ഒരു ബിസിനസ് ശൃംഖല രൂപീകരിക്കുക എന്നിവയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. പ്രാദേശിക തലത്തിൽ പ്രവർത്തിക്കുന്ന ചെറുകിട ഗോൾഡ് ലോൺ കമ്പനികളെ എഫ്ജിഎൽഒസിയിലേക്ക് ചേർക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുമെന്നും വളർച്ച ഉറപ്പാക്കുമെന്നും എഫ്ജിഎൽഒസി സിഇഒ പി നാക്കി നാഥ് ബാനർജി പറഞ്ഞു.



കൊച്ചിയിൽ നടന്ന പ്രഥമ ഗോൾഡ് സമ്മിറ്റിൽ പുറത്തിറക്കിയ 'ദി ഗോൾഡൻ ബ്രിഡ്ജ്' കോഫി ടേബിൾ ബുക്ക് എഫ് ജി എൽ ഒ സി പ്രതിനിധികൾ പ്രകാശനം ചെയ്യുന്നു.

കൊശമറ്റം ഫിനാൻസ് ലിമിറ്റഡിന്റെ ചീഫ് ബിസിനസ് ഓഫീസർ ജോർജ് തോമസ്, മുത്തൂറ്റ് എംക്രഡ് ലിമിറ്റഡിന്റെ സിഇഒ പി ഇ മത്തായി, മണപ്പുറം ഫിനാൻസ് ലിമിറ്റഡ് ചെയർമാൻ വിപി നന്ദകുമാർ എന്നിവരും സമ്മിറ്റിൽ സംസാരിച്ചു. ചടങ്ങിൽ എഫ്ജിഎൽഒസിയുടെ ഔദ്യോഗിക ലോഗോ പുറത്തിറക്കി. മുത്തൂറ്റ് പാപ്പച്ചൻ ഗ്രൂപ്പ് സ്പോർട്ട് ഡയറക്ടർ ഹന്ന മുത്തൂറ്റ്, വിനോദ് കോത്താരി ആൻഡ് കൺസൽട്ടന്റ്സിന്റെ സ്ഥാപകൻ വിനോദ് കോത്താരി, ക്രിസിൽ റേറ്റിംഗ്സ് ലിമിറ്റഡ് സീനിയർ ഡയറക്ടർ അജിത് വെലോണി, ക്രിഫ് ഹൈമാർക്ക് ക്രെഡിറ്റ് ഏജൻസിയുടെ ഗവേഷണ വിഭാഗം വൈസ് പ്രസിഡന്റ് അഭിരാമി ബി, യോഗക്ഷേമം ലോൺസ് ലിമിറ്റഡിന്റെ എം.ഡിയും സി.ഇ.ഒ യുമായ ഉണ്ണികൃഷ്ണൻ ഐ.ഗൂഗിൾ ഇന്ത്യ പ്രതിനിധി ദീപാഞ്ചൻ ഭട്ടാചാര്യ, ഇക്കോൺസ് ഐടി സൊലൂഷൻ പ്രതിനിധി മിഥുൻ കദം, വോഡഫോൺ ഐഡിയ പ്രതിനിധി ജെ വിജയസാരഥി എന്നിവരും പ്രസംഗിച്ചു.

കേരള സ്റ്റാർട്ടപ്പ് മിഷനുമായി കൈകോർത്തു ഫോൺപേ

കൊച്ചി: കേരളത്തിലെ സ്റ്റാർട്ടപ്പ് സംരംഭങ്ങളുടെ വളർച്ചയ്ക്ക് പിന്തുണ നൽകുന്നതിനായി ഫോൺപേയും കേരള സ്റ്റാർട്ടപ്പ് മിഷനും (കെഎസ്യുഎം) ധാരണാപത്രത്തിൽ ഒപ്പുവച്ചു. ഹഡിൽ ഗ്ലോബൽ 2026 വേദിയിൽ മുഖ്യമന്ത്രി വി.ഡി. സതീശന്റെ സാന്നിധ്യത്തിലായിരുന്നു ധാരണാപത്രം കൈമാറിയത്. കെഎസ്യുഎമ്മിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് ഫോൺപേയുടെ പേയ്മെന്റ് ഗേറ്റ്വേ സംവിധാനത്തിലൂടെ സുരക്ഷിതവും കാര്യക്ഷമവുമായ ഡിജിറ്റൽ പേയ്മെന്റ് സൗകര്യങ്ങൾ ലഭ്യമാക്കും. സാങ്കേതിക സഹായം, ഓൺബോർഡിങ് പിന്തുണ, മുൻഗണനാ സേവനങ്ങൾ എന്നിവയും ലഭിക്കും. കൂടാതെ സംരംഭകർക്ക് ഡിജിറ്റൽ വാണിജ്യ മേഖലയിലെ അറിവും മാർഗനിർദേശവും നൽകുന്നതിനായി ശിൽപശാലകളും മെന്ററിഷിപ്പ് പരിപാടികളും സംഘടിപ്പിക്കും. കേരളത്തിലെ സംരംഭക ആവാസവ്യവസ്ഥയെ ശക്തിപ്പെടുത്തുകയാണ് പങ്കാളിത്തത്തിന്റെ ലക്ഷ്യം.

കംഫർട്ട് പീരിയഡ് പാന്റി പുറത്തിറക്കി സ്റ്റേ ഫ്രീ പ്രോ



കൊച്ചി: ആർത്തവ ശുചിത്വ ഉൽപ്പന്നങ്ങളുടെ ശ്രേണി വിപുലീകരിച്ച് സ്റ്റേ ഫ്രീ പുതിയ പ്രോ കംഫർട്ട് പീരിയഡ് പാന്റി പുറത്തിറക്കി. ആർത്തവ സമയത്ത് കൂടുതൽ സുഖവും സുരക്ഷയും ഉറപ്പാക്കുന്നതിനായി രൂപകൽപ്പന ചെയ്ത ഉൽപ്പന്നം 360 ഡിഗ്രി ലീക്കേജ് പ്രൊട്ടക്ഷൻ, ശരീരത്തിന് അനുയോജ്യമായ ഫിറ്റ്, ഉയർന്ന ആഗിരണശേഷി എന്നിവ വാഗ്ദാനം ചെയ്യുന്നു. രാത്രിയിലും യാത്രകളിലും അമിത രക്തസ്രാവമുള്ള ദിവസങ്ങളിലും ഉപയോഗിക്കാവുന്ന രീതിയിലാണ് ഉൽപ്പന്നം വികസിപ്പിച്ചിരിക്കുന്നത്. എംഎൽ, എൽഎക്സ്എൽ, എക്സ്എൽഎക്സ്എക്സ്എൽ എന്നീ മൂന്ന് വലുപ്പങ്ങളിൽ ലഭ്യമാണ്. രണ്ട് പാന്റികളടങ്ങിയ പായ്ക്കിന് 50 രൂപ മുതലാണ് വില. ഇതിന്റെ പ്രചാരണത്തിന്റെ ഭാഗമായി 'സിറ്റ്. സ്റ്റാൻഡ്. സ്റ്റേ ഫ്രീ' എന്ന ഡിജിറ്റൽ ക്യാമ്പയിനും കമ്പനി ആരംഭിച്ചു.



മെഡിക്കൽ ടൂറിസവും ആയുർവേദവും കൈകോർക്കുന്നു

സി.ഐ.ഐ. സംയുക്ത ഉച്ചകോടി 20, 21 തീയതികളിൽ കൊച്ചിയിൽ

കൊച്ചി: കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രിയുടെ ആഭിമുഖ്യത്തിൽ പതിമൂന്നാമത് സി.ഐ.ഐ. കേരള ഹെൽത്ത് ടൂറിസവും എട്ടാമത് സി.ഐ.ഐ. ഗ്ലോബൽ ആയുർവേദ സമ്മിറ്റും എക്സ്പോയും നവംബർ 20, 21 തീയതികളിൽ കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ നടക്കും. പത്ത് രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികളുടെ പങ്കാളിത്തത്തോടെ നടക്കുന്ന സംയുക്ത ഉച്ചകോടിയിൽ 800 പ്രതിനിധികളും 50 എക്സിബിറ്റേഴ്സും 70 പ്രഭാഷകരും 2,000 സന്ദർശകരും പങ്കെടുക്കും.

ഉച്ചകോടിയുടെ മുന്നോടിയായി കൊച്ചിയിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സി.ഐ.ഐ. കേരള വൈസ് ചെയർമാൻ സന്തോഷ് കുമാർ വിവരങ്ങൾ പങ്കുവെച്ചു. കേന്ദ്ര ആയുഷ് മന്ത്രാലയത്തിന്റെയും ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെയും ചുമതലയുള്ള സഹമന്ത്രി പ്രതാപ്റാവു ജാദവ് ഉച്ചകോടി ഉദ്ഘാടനം ചെയ്യും. കേരള സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എ.പി.എം. മുഹമ്മദ് ഹനീഷ് ഐ.എ.എസ്. ഉദ്ഘാടന ചടങ്ങിൽ പങ്കെടുക്കുമെന്ന് അദ്ദേഹം അറിയിച്ചു. കേരളത്തിന്റെ ടൂറിസം, ആരോഗ്യ വകുപ്പുകൾ, നാഷണൽ ആയുഷ് മിഷൻ, കെ.എസ്.ഐ.ഡി.സി. തുടങ്ങിയവയുടെ പിന്തുണയോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

ആരോഗ്യ രംഗത്തെയും ആയുർവേദത്തിന്റെയും സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയാണ് ലക്ഷ്യമിടുന്നതെന്ന് സി.ഐ.ഐ. ഗ്ലോബൽ ആയുർവേദ ഉച്ചകോടി ചെയർമാൻ ഡോ. എസ്. സജി കുമാർ പറഞ്ഞു. യുകെ, യുഎസ്, ജർമ്മനി, ഒമാൻ, ഫ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നായി 2025ൽ എട്ടു ലക്ഷത്തിലധികം വിദേശികൾ കേരളം സന്ദർശിച്ചിട്ടുണ്ടെന്നും ഇതിൽ 60 മുതൽ 70 ശതമാനം പേരും ആയുർവേദ ചികിത്സയ്ക്കായി എത്തിയവരാണെന്നും അദ്ദേഹം വ്യക്തമാക്കി. ഒമാൻ, ബംഗ്ലാദേശ്, ശ്രീലങ്ക, കസാഖ്സ്ഥാൻ, ബൾഗേറിയ, കെനിയ, സുഡാൻ, സൗദി അറേബ്യ, ബഹ്റൈൻ, യു.എ.ഇ. എന്നീ പത്ത് രാജ്യങ്ങളിൽ നിന്നുള്ള അന്താരാഷ്ട്ര പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും. എ.എം.എ.ഐ., എ.എം.എം.ഒ.ഐ., എ.എച്ച്.എം.എ. എന്നിവയുടെ സഹകരണത്തോടെ വിവിധ സാങ്കേതിക സെഷനുകളും ചർച്ചകളും നടക്കും.

മെഡിക്കൽ ടൂറിസം രംഗത്ത് കേരളം രാജ്യത്തിന് മാതൃകയാണെന്ന് സി.ഐ.ഐ. കേരള ഹെൽത്ത് ടൂറിസം ചെയർമാനും മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ മാനേജിംഗ് ഡയറക്ടറുമായ ഡോ. പി.വി. ലൂയിസ് വ്യക്തമാക്കി. വലിയ നഗരങ്ങളിൽ മാത്രമായി ഒതുങ്ങാതെ കേരളത്തിലെ എല്ലാ ജില്ലകളിലും അത്യാധുനിക സൗകര്യങ്ങളുള്ള ആശുപത്രികളും വിദഗ്ദ്ധ ഡോക്ടർമാരുമുണ്ടെന്നത് സംസ്ഥാനത്തിന്റെ വലിയ നേട്ടമാണെന്നും അദ്ദേഹം പറഞ്ഞു. രോഗികളുടെ സുരക്ഷ, ക്ലിനിക്കൽ ഫലങ്ങൾ, ഡിജിറ്റൽ ആരോഗ്യ രംഗത്തെ കൃത്രിമബുദ്ധി എന്നിവ ചർച്ച ചെയ്യുന്ന പ്രത്യേക ബി.ടു.ബി. യോഗങ്ങളും അന്താരാഷ്ട്ര സന്ദർശകരെയും ഈ ഉച്ചകോടിയിലൂടെ സ്വാഗതം ചെയ്യും.

കേരളത്തിന്റെ സമ്പദ്വ്യവസ്ഥയിൽ ആയുർവേദ മേഖല വഹിക്കുന്ന പങ്ക് വലുതാണ് . ആയുഷ് മന്ത്രാലയത്തിന് കീഴിലുള്ള റീജിയണൽ ആയുർവേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ച് ആയുർവേദ ഉൽപ്പന്ന മേഖലയ്ക്കായി 'സിദ്ധി 3.0' ഉച്ചകോടിയുടെ ഭാഗമായി സംഘടിപ്പിക്കുന്നുണ്ട്. പുതിയ ഉൽപ്പന്നങ്ങളും സേവനങ്ങളും അവതരിപ്പിക്കുന്നതിനുള്ള പ്രത്യേക വേദിയും ഇത്തവണ ഒരുക്കിയിട്ടുണ്ട്. ആധുനിക ആയുർവേദ നിർമ്മാണം, ആഗോള ബ്രാൻഡിംഗ്, ഇൻഷുറൻസ് സേവനങ്ങൾ എന്നിവ ഉച്ചകോടിയിൽ ചർച്ച ചെയ്യും.



ഫ്ളെക്സ് സ്ക്രീൻലെസ് ഫിറ്റ്നസ് ബാൻഡ് അവതരിപ്പിച്ച് ഫാസ്ട്രാക്ക് സ്മാർട്ട്

കൊച്ചി: സ്ക്രീൻ ഇല്ലാത്ത ഫിറ്റ്നസ് ബാൻഡുകളുടെ വിഭാഗത്തിലേക്ക് ചുവടുവെച്ചുകൊണ്ട് ഫാസ്ട്രാക്ക് സ്മാർട്ട് തങ്ങളുടെ പുതിയ ഉൽപ്പന്നമായ ഫ്ളെക്സ് വിപണിയിലിറക്കി. സ്ക്രീൻ നോട്ടിഫിക്കേഷനുകളുടെ ശല്യമില്ലാതെ ദൈനംദിന പ്രവൃത്തികളിൽ ശ്രദ്ധ കേന്ദ്രീകരിക്കാനും ആരോഗ്യ വിവരങ്ങൾ കൃത്യമായി നിരീക്ഷിക്കാനും ഉപഭോക്താക്കളെ സഹായിക്കുന്നതാണ് പുതിയ ഫ്ലെക്സ് ഫിറ്റ്നസ് ബാൻഡ്. 4,499 രൂപ വിലയുള്ള ഫ്ളെക്സ് ഫിറ്റ്നസ് ബാൻഡ് ഫാസ്ട്രാക്ക് വെബ്സൈറ്റിലും റീട്ടെയിൽ ഔട്ട്ലെറ്റുകളിലും ലഭ്യമാണ്.

10 ദിവസം വരെ നീണ്ടുനിൽക്കുന്ന ബാറ്ററി ലൈഫുള്ള ഫ്ളെക്സിൽ ഹൃദയമിടിപ്പ്, രക്തത്തിലെ ഓക്സിജന്റെ അളവ്, ഉറക്കം, സമ്മർദ്ദം എന്നിവ നിരീക്ഷിക്കുന്നതിനുള്ള സംവിധാനങ്ങളും സ്ലീപ്പ് സ്കോർ, വൈറ്റാലിറ്റി ഇൻഡക്സ് എന്നിവയും ഉൾപ്പെടുത്തിയിട്ടുണ്ട്. നൂറിലധികം മൾട്ടിസ്പോർട്ട് മോഡുകൾ, ഔട്ട്ഡോർ വ്യായാമങ്ങൾക്കായി അസിസ്റ്റഡ് ജിപിഎസ്, വെള്ളത്തെയും പൊടിയെയും പ്രതിരോധിക്കുന്ന ഐപി68 റേറ്റിംഗ് എന്നിവയും ഇതിന്റെ പ്രത്യേകതകളാണ്. 9 ഇന്ത്യൻ ഭാഷകളിൽ ലഭ്യമായ ഫാസ്ട്രാക്ക് സ്മാർട്ട് വേൾഡ് ആപ്പുമായി ബന്ധിപ്പിക്കാവുന്ന ഈ ബാൻഡിനൊപ്പം ഒരു വർഷത്തേക്ക് എഐ അധിഷ്ഠിത ഹെൽത്ത് ഇൻസൈറ്റുകൾ സൗജന്യമായി ലഭിക്കും.

ആധുനിക മിനിമലിസ്റ്റ് ശൈലിയിൽ ഭാരം കുറഞ്ഞതും സൗകര്യപ്രദവുമായ ഫാബ്രിക് സ്ട്രാപ്പോടു കൂടിയാണ് ഫ്ളെക്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഒനിക്സ് ബ്ലാക്ക്, ബർഗണ്ടി, ഗ്ലേസിയർ ബ്ലൂ, ഫോറസ്റ്റ് ടീൽ എന്നീ നാല് നിറങ്ങളിൽ ലഭ്യമാകുന്ന ഈ ബാൻഡ് ഓഫീസ് ആവശ്യങ്ങൾക്കും വ്യായാമ വേളകൾക്കും ഒരുപോലെ അനുയോജ്യമാണ്. സ്ക്രീനുകളുടെ അമിത ഉപയോഗമില്ലാതെ ഫിറ്റ്നസ് നിലനിർത്താൻ ആഗ്രഹിക്കുന്ന യുവതലമുറയ്ക്ക് മികച്ചൊരു തിരഞ്ഞെടുപ്പായിരിക്കും ഫ്ളെക്സ് എന്ന് ടൈറ്റൻ കമ്പനി ലിമിറ്റഡ് സ്മാർട്ട് വെയറബിൾസ് വിഭാഗം ചീഫ് സെയിൽസ് ആൻഡ് മാർക്കറ്റിംഗ് ഓഫീസർ ശ്രീനിവാസൻ കൃഷ്ണമൂർത്തി പറഞ്ഞു. ഫിറ്റ്നസ്, ഫാഷൻ, ഫോക്സ് എന്നിവയെ ഒന്നിപ്പിക്കുന്ന ഈ ഉൽപ്പന്നം സ്മാർട്ട് വെയറബിൾ വിപണിയിൽ ഫാസ്ട്രാക്കിന്റെ സാന്നിധ്യം കൂടുതൽ ശക്തിപ്പെടുത്തുമെന്നും ഈ വിഭാഗത്തിൽ ഉൽപ്പന്നങ്ങൾ പുറത്തിറക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com